# WEEK -2

## Weekly Devotion - January 2017

## The Lord who looked up (മേലോട്ടു നോക്കിയ യേശു)



1987 Sep : 7th ന് എന്റെ ഇടതുകാലിന്റെ രണ്ട് അസ്ഥിയും ഒടിഞ്ഞുപോയി. ഒരു ഇറക്കത്തിൽ കാലുമടങ്ങി വീണതാണ് കാരണം. ഒടിവ് ശരിയാക്കി കിട്ടുവാനായി അരക്കെട്ടുമുതൽ ഒരു കാൽ മുഴുവൻ Plastor ഇട്ട് കിടക്കേണ്ടിതായി വന്നു. എന്റെ കൈകളുടെ പ്രവർത്തികളെക്കുറിച്ച് എന്നോട് കല്പിപ്പീൻ എന്ന് അരുളി ചെയ്ത യഹോവയുടെ മുഖത്തേയ്ക്ക് ആ കിടപ്പിൽ കിടന്ന ഞാൻ കണ്ണുകൾ ഉയർത്തി നോക്കി. “ നാം ദൈവത്തിന്റെ കയ്യിൽ നിന്ന് നന്മ കൈക്കൊള്ളുന്നു, തിന്മയും കൈക്കൊള്ളരുതോ” (Job:2:10) എന്ന ദൂത് തന്ന് അവൻ എന്നെ ആശ്വസിപ്പിച്ചു. അവങ്കലേക്ക് മുഖം ഉയർത്തിയതിനാൽ എനിക്ക് ലജ്ജിക്കേണ്ടതായി വന്നില്ല. അവന്റെ കൈകൾ കൊണ്ട്. “ എന്നെ സൗഖ്യമാക്കണേ” എന്നുള്ള വാക്ക് കേട്ട യഹോവ പ്രവർത്തിച്ചു. അവൻ എന്റെ കാലുകളെ ബലപ്പെടുത്തി, സൗഖ്യത്തോടെ എന്നെ നിർത്തി, സ്ത്രോത്രം.

ദൈവീക മഹത്വം കാണേണ്ടവർ മുകളിലേക്ക് നോക്കിയാലെ പറ്റുകയുള്ളു എല്ലാവർക്കും ആ കാഴ്ച കാണുവാൻ കഴിയുകയില്ല. വിശ്വസിക്കുന്നവർക്ക് ദൈവീകമഹത്വം കാണുവാൻ കഴിയുമെന്ന് സഹോദരന്റെ മരണത്തിൽ ദുഃഖിക്കുന്ന മാർത്തയോടും മറിയയോടും അവരുടെ ഗ്രാമമായ ബേഥാന്യയിലെത്തിയ യേശു വ്യക്തമാക്കി. യഹോവയുടെ ദൃഷ്ടി തന്റെ ദയയ്ക്കായി പ്രത്യാശിക്കുന്നവരുടെ മേൽ ഇരിക്കുന്നു അവരുടെ പ്രാണനെ അവൻ മരണത്തിൽ നിന്ന് രക്ഷിക്കുന്നവനുമാണ്.

നഷ്ടത്തെനോക്കി വിലപിക്കുന്നവർക്ക് ദൈവ മഹത്വം ലഭ്യമാകുന്നില്ല. നമ്മുടെ മനസ്സിൽ ദൈവ മഹത്വത്തിന്റെ മുകുളങ്ങൾ മുളയ്ക്കണമെങ്കിൽ വിശ്വാസത്തിന്റെ നീരൊഴുക്ക് നമ്മുടെ മനസ്സിൽ ഉണ്ടാകേണം. യേശുവിന്റെ ശക്തി മനസ്സിലാക്കിയ സഹോദരിമാരെ യേശുവും സ്നേഹിച്ചിരുന്നു. നഷ്ടത്തിന്റെ നിരാശ അവരെ വേട്ടയാടിയതിനാലാകാം ഇനിയും കർത്താവിന്റെ വരവ് പ്രയോജനപ്പെടുകയില്ല എന്ന് അവർക്ക് തോന്നിയത്. ഇതു തന്നെയായിരിക്കും ആ അവസ്ഥയിലാകുന്ന ഓരോ വ്യക്തിയുടെയും ചിന്ത. ലാസർ മരിച്ചു എന്ന വസ്തുത യേശു അംഗീകരിക്കുന്നതിനോടൊപ്പം താൻ അവിടെ ഇല്ലാത്തതിനാൽ സന്തോഷിക്കുകയും ചെയ്യുന്നു. കാരണം തന്റെ ശിഷ്യന്മാരെയും പരിഹാസികളായി അവിടെ കൂടിയിരിക്കുന്ന അവിശ്വാസികളെയും വിശ്വാസികളാക്കുവാൻ മരിച്ച് നാറ്റം വച്ചവൻ എഴുന്നേറ്റേ മതിയാകൂ.




നഷ്ടത്തിൽ നിന്ന് നേട്ടങ്ങളെ മുളപ്പിക്കുന്ന ആ അത്ഭുത നീരൊഴുക്കിനായി യേശു മുകളിലേക്ക് നോക്കി. പിതാവ് തന്റെ പുത്രന്റെ നോട്ടത്തെ മാനിച്ചു. പ്രാർത്ഥന കേട്ട്, നഷ്ടപ്പെട്ടു എന്ന് കരുതിയത് നാറ്റം വച്ചു എന്ന് പ്രഖ്യാപിച്ചത് ദൈവ മഹത്വത്തിന്റെ തെളിവായി

പുറത്തു വന്നു. കണ്ണു കാണാത്തവന്റെ കണ്ണ് തുറന്ന ഇവൻ ലാസറിന്റെ കണ്ണ് തിരുമ്മി അടയ്ക്കുവാൻ ഇടവരുത്തിയത് എന്തിന് എന്ന് പറഞ്ഞ പരിഹാസികളെ ദൈവമഹത്വം പുത്രൻ കാട്ടിക്കൊടുത്തു. പരിശുദ്ധാത്മാവ് നിറഞ്ഞവരായി മുകളിലേക്ക് കണ്ണുകൾ ഉയർത്തുന്നവർക്കും ദൈവ മഹത്വം കാണുവാൻ കഴിയും. ആത്മനിറവോടെ സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കിയ സ്തേഫാനോസ് ഇതിനുദാഹരണമാണ്. കൃപയും ശക്തിയും നിറഞ്ഞവനായി ജനത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്ത വ്യക്തിയുടെ ജ്ഞാനത്തോടും ആത്മാവോടും എതിർത്തു നില്പാൻ അവർക്ക് കഴിഞ്ഞില്ല. സ്വർഗ്ഗം തുറന്നതും ദൈവമഹത്വവും ദൈവത്തിന്റെ വലതുഭാഗത്തു നിൽക്കുന്ന യേശുവിനെയും കണ്ടു എന്ന് പറഞ്ഞത് ശത്രുവിന്റെ ഉപദ്രവം ഏല്പാൻ കാരണമായി. അപ്പോഴും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയാണ് ചെയ്തത്. തന്റെ ആത്മാവിനെ ദൈവകരങ്ങളിൽ അദ്ദേഹം ഏല്പിച്ചു. ഉപദ്രവിച്ചവർക്ക് വേണ്ടി പ്രാർത്ഥിപ്പാൻ കഴിഞ്ഞത് മുകളിലേക്കുനോക്കി ദൈവമഹത്വം ആർജ്ജിച്ചതിനാലാണ്.

കുഞ്ഞുങ്ങളെ ! പുതുവർഷത്തിന്റെ തുടക്കത്തിൽ തന്നെ സ്വന്തകഴിവിൽ ആശ്രയിക്കുകയില്ല എന്ന് ഒരു തീരുമാനം എടുക്കുക. രക്ഷയ്ക്കു വേണ്ടി ക്രിസ്തുവിൽ പൂർണ്ണമായി ആശ്രയിക്കുന്ന മനോഭാവമാണ് വിശ്വാസം. വിശ്വാസം പ്രത്യാശയുടെ ഉറപ്പാണ്. ആ ഉറപ്പോടെ ' 2017 ' അനുഗ്രഹകരമാക്കുവാൻ ദൈവം കൃപചെയ്യട്ടെ.

## <u>പ്രാർത്ഥന</u>

മനസ്സലിവും, മഹാദയയുമുള്ള ദൈവമേ, അങ്ങയുടെ കൃപയ്ക്കായി സ്ത്രോതം. ചലന സ്വാതന്ത്ര്യം നഷ്ടമാക്കുന്നപാപത്തിന്റെ കെട്ടുകൾ, ഞങ്ങളുടെ മേൽ കെട്ടിവച്ചവരെക്കൊണ്ട് തന്നെ കെട്ടഴിപ്പിച്ച് ക്രിസ്തുവിന്റെ മഹത്വം കണ്ടനുഭവിച്ച്, സ്വതന്ത്രരായി നടപ്പാൻ സഹായിക്കേണമേ. യേശുവിൻ നാമത്തിൽ തന്നെ, ആമേൻ.

**<u>Santhamma Varghese</u>**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind